# മുഖ്യമന്ത്രിയോടുള്ള ചോദ്യങ്ങൾ.

1) സ്മാർട്ട്സിറ്റിക്കു വേണ്ടി നല്കിയിരിക്കുന്ന 246 ഏക്കറിൽ കെ.എസ്.ഇ.ബി.യുടെ 100 ഏക്കർ ഭൂമിക്കും കിൻഫ്രയുടെ 10 ഏക്കറിന്റേയും വില എത്ര?

2) സ്മാർട്ട്സിറ്റി കരാർ യാഥാർത്ഥ്യമാകുമ്പോൾ ഭൂമി വില ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ടീക്കോമിന് അച്യുതാനന്ദൻ സർക്കാർ സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടോ? ഉണ്ടങ്കിൽ എത്ര?

3) 'ഡയറക്ട് ജോബ്" എന്ന യു.ഡി.എഫ്. കരാറിലെ വ്യവസ്ഥയിൽ Direct എന്ന വാക്ക് ഒഴിവാക്കിയത് എന്തിന്?

4) കമ്പനിയുടെ പ്രാരംഭമൂലധന നിക്ഷേപം യു.ഡി.എഫ്. കരാറിൽ 240 കോടി രൂപ ആയിരുന്നു. അത് 120 കോടി രൂപയാക്കി കുറച്ചു കൊടുത്തത് ആരുടെ താല്പര്യം സംരക്ഷിക്കാനാണ്?

5) പ്രാരംഭ മൂലധന നിക്ഷേപത്തിൽ 117.6 കോടി രൂപയുടെ ഇളവ് ടീക്കോമിനു നൽകിയശേഷവും സർക്കാരിന്റെ ഓഹരി 26 ശതമാനമാക്കി നിശ്ചയിക്കുകയും അതിൽ ആദ്യഗഡു 16 ശതമാനമാക്കി നിജപ്പെടുത്തുകയും ബാക്കി 10% 5 വർഷത്തിനുശേഷം വലിയ പ്രീമിയം നല്കി വാങ്ങേണ്ടി വരുകയും ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റിന് വലിയ സാമ്പത്തിക ബാധ്യത വരുത്തുകയില്ലേ?

6) പാട്ടത്തുക ഇനത്തിൽ 104 കോടി രൂപ ചിലവ് കാണിച്ച് ഇൻകംടാക്സ് ഇളവ് നേടാൻ ടീക്കോമിന് സാഹചര്യം ഒരുക്കിയതു വഴി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ലഭിക്കേണ്ട 34.94 കോടി രൂപ നഷ്ടപ്പെടുത്തിയത് സംസ്ഥാന താല്പര്യമോ?